**>> മുഖക്കുറിപ്പ്**

# സമാധാനത്തിലേക്കുള്ള ആദ്യ ചുവട്

**സംഘർഷവും** സംഘട്ടനവും നിറഞ്ഞ ഈ ഭൂഗോളത്തെ ശാന്തിയുടെയും സമാധാനത്തിന്റെയും മടിത്തട്ടാക്കി മാറ്റുക നാഗരികലോകം എന്നും താലോലിച്ചുവന്നിട്ടുള്ള സുന്ദര സ്വപ്നമാണ്. പക്ഷേ, നാഗരികതയുടെ വികാസത്തിനനുരോധമായി സംഘർഷവും ഹിംസയും വളരുകയേ ചെയ്തിട്ടുള്ളൂ. സമാധാനം നിലവിൽവരാൻ അസമാധാനത്തിന്റെ കാരണങ്ങൾ ഇല്ലാതാകണം. മനുഷ്യരുടെ മേലുള്ള ആധിപത്യമോഹമാണ് അസമാധാനത്തിന്റെ മൂലകാരണം. ഒരു വ്യക്തിയുടെ അല്ലെങ്കിൽ ജനതയുടെ അധിപതിയാകാനുള്ള മറ്റൊരു വ്യക്തിയുടെ അല്ലെങ്കിൽ ജനതയുടെ ശ്രമം അധാർമികവും പ്രകൃതിവിരുദ്ധവുമാണ്. സ്വന്തം ഭാഗധേയം സ്വയം കൈയാളാനുള്ള സ്വാതന്ത്ര്യം മനുഷ്യന്റെ മൗലികാവകാശവുമാണ്. വിവിധ ആധിപത്യമോഹങ്ങൾ തമ്മിലും, ആധിപത്യമോഹവും സ്വാതന്ത്ര്യവാഞ്ഛയും തമ്മിലുമുള്ള ഏറ്റുമുട്ടലുകളാണ് ഇതഃപര്യന്തം ലോകത്തുണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളും. ലോകസമാധാനത്തിന്റെ അപ്പോസ്തലന്മാരായി വിലസുന്നവർ ആദ്യം തിരിച്ചറിയേണ്ട സത്യമാണിത്. തങ്ങൾക്ക് തുല്യരായി മറ്റുള്ളവരെയും കാണാൻ വ്യക്തികളും സമൂഹങ്ങളും തയാറാകുമ്പോഴേ സമാധാനം സംജാതമാകൂ. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന വചനത്തിലൂടെ ഈസാ മസീഹും 'നിനക്കിഷ്ടപ്പെട്ടതെന്തോ അതുതന്നെ നിന്റെ സഹോദരന്നും ഇഷ്ടപ്പെടുക' എന്ന വചനത്തിലൂടെ മുഹമ്മദ് നബിയും പഠിപ്പിച്ചത് സമാധാനത്തിന്റെ ഈ അടിസ്ഥാനതത്ത്വമാണ്.

ആധുനികലോകത്ത് ഇതര ജനതകളുടെ അധിപതികളാകാൻ ഏറ്റവുമധികം മോഹിക്കുന്ന രാഷ്ട്രമായിട്ടാണ് അമേരിക്കൻ ഐക്യനാടുകൾ അറിയപ്പെടുന്നത്. അതിന്റെ മുൻ പ്രസിഡന്റുമാരിലൊരാളായ ജോർജ്ബുഷ് സീനിയർ അമേരിക്കയുടെ നേതൃത്വത്തിലുള്ള ഒരാഗോളക്രമമാണ് തന്റെ ലക്ഷ്യമെന്ന് 1990കളിൽ തുറന്നുപറയുകയുണ്ടായി. ഈ ലക്ഷ്യം സാധിക്കുന്നതിന് ആ രാജ്യം അഴിച്ചുവിട്ട സൈനികാക്രമണങ്ങളും അധിനിവേശങ്ങളും ഇപ്പോഴും തുടരുകയാണ്. ഈ അമേരിക്കയുടെ പുതിയ പ്രസിഡന്റായ ബറാക് ഒബാമ സ്ഥാനമേറ്റ ശേഷമുള്ള തന്റെ കന്നി യൂറോപ്യൻ പര്യടനത്തിൽ മുഖ്യമായി ചെയ്തത് ലോകസമാധാനത്തെക്കുറിച്ചുള്ള സ്വപ്നം യൂറോപ്യൻ നേതാക്കളുമായി പങ്കുവെക്കുകയാണ്. ഫ്രാൻസിലെ സ്ട്രാസ്ബർഗ് നഗരത്തിൽ നടത്തിയ പ്രഭാഷണത്തിൽ, ആറേഴു പതിറ്റാണ്ടുകളായി ഭൂഗോളത്തെ പൊതിഞ്ഞു നിൽക്കുന്ന ഭയത്തിന്റെയും ഭീകരതയുടെയും ധൂമപടലം നിർമാർജനം ചെയ്യണമെന്ന് അദ്ദേഹം ലോക രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്തു. അശാന്തിയുടെയും അസമാധാനത്തിന്റെയും എല്ലാ കാരണങ്ങളും ആണവായുധങ്ങൾ വിശേഷിച്ചും- തുടച്ചുനീക്കപ്പെടണം. ശീതയുദ്ധത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു. പക്ഷേ, ആണവായുധ ശേഖരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്നു മാത്രമല്ല അനുദിനം പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു വശത്ത് ആണവമോഷണങ്ങളും മറുവശത്ത് ആണവകള്ളക്കടത്തും കരിഞ്ചന്തയും തകൃതിയായി നടക്കുന്നുണ്ട്. ഭൂഗോളത്തിന്റെ ഏതു മൂലയിലിരുന്നും ലോകത്തിലെ ഏതു മഹാനഗരവും നിശ്ശേഷം ചുട്ടുകരിക്കാൻ പര്യാപ്തമായ ആയുധങ്ങളാണ് പലരുടെയും കൈവശമുള്ളതെന്ന് ചൂണ്ടിക്കാണിച്ച ഒബാമ, ആണവായുധ നശീകരണത്തിന്റെ ആദ്യ ചുവടുവെപ്പ് നടത്തേണ്ടത് ആണവായുധങ്ങൾ കുന്നുകൂട്ടിവെച്ചവർ തന്നെയാണെന്ന് ഓർമിപ്പിക്കാനും മറന്നില്ല.

സമാധാനത്തിന്റെ അനിവാര്യതയിൽ പണ്ടേ ആർക്കുമില്ല തർക്കം. അമേരിക്കയുടെ മുൻ പ്രസിഡന്റുമാരും മുറക്ക് സമാധാനകീർത്തനമാലപിക്കാറുണ്ടായിരുന്നു. പക്ഷേ, ലോകം അമേരിക്കയുടെ ചൊൽപടിയിൽ നിൽക്കുക എന്നാണ് ആ രാജ്യം സമാധാനംകൊണ്ട് ഉദ്ദേശിച്ചിരുന്നത്. നിരായുധീകരണമെന്നാൽ, അമേരിക്കൻ സാമ്രാജ്യത്വത്തിനു വഴങ്ങാത്തവർ ആയുധങ്ങൾ വികസിപ്പിക്കുന്നതും സംഭരിക്കുന്നതും തടയുക എന്നും. അതുതന്നെയാണ് യഥാർഥ ലോകസമാധാനത്തിന്റെ മുമ്പിലുള്ള ഏറ്റവും വലിയ പ്രതിബന്ധം. രണ്ടാം ലോകയുദ്ധത്തെത്തുടർന്ന് രൂപംകൊണ്ട ഐക്യരാഷ്ട്രസഭയുടെ മുഖ്യ ലക്ഷ്യം സമാധാനമാണ്. നിരായുധീകരണത്തിനുവേണ്ടി ഒരു പ്രത്യേക വകുപ്പുതന്നെ അതിനുണ്ട്. അതിന്റെ ഇന്നോളമുള്ള പ്രവർത്തനം അമേരിക്കയും സിൽബന്തികളും ആഗ്രഹിക്കുന്ന ഉപരിസൂചിതമായ അർഥത്തിലുള്ള സമാധാനവും നിരായുധീകരണവും ലക്ഷ്യമാക്കിയായിരുന്നു. അമേരിക്കയും റഷ്യയും തമ്മിലുണ്ടാക്കിയ അണുവായുധ നിരോധന ഉടമ്പടിയിലെ മുഖ്യ വ്യവസ്ഥയാണ് കൈവശമുള്ള ആണവായുധങ്ങൾ ഇരുകൂട്ടരും പടിപടിയായി നശിപ്പിക്കുക എന്നത്. പക്ഷേ, ഇതുവരെ രണ്ടു കൂട്ടരുടെയും ആയുധശേഖരം കൂടുകയല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. ആയുധ നിരോധനം എന്നുപറയുമ്പോൾ വൻശക്തികളിലോരോരുത്തരും അർഥമാക്കുന്നത്, തങ്ങളുടേതും തങ്ങൾക്ക് വേണ്ടപ്പെട്ടവരുടേതുമല്ലാത്ത ആയുധങ്ങൾ നിരോധിക്കുക എന്നാണ്. അതുകൊണ്ടാണ് ബഹിരാകാശ ഗവേഷണാർഥം എന്നവകാശപ്പെട്ടുകൊണ്ട് വടക്കൻ കൊറിയ നടത്തുന്ന മിസൈൽ പരീക്ഷണങ്ങളുടെയും, ഊർജാവശ്യത്തിന് എന്നവകാശപ്പെട്ടുകൊണ്ട് ഇറാൻ നിർമിക്കുന്ന ആണവനിലയങ്ങളുടെയും പേരിൽ ആ രാജ്യങ്ങൾക്കെതിരെ കടുത്ത ഉപരോധത്തിനു മുറവിളി കൂട്ടുന്നവർ, ഇസ്രയേൽ നിർമിച്ചുവെച്ച അണുബോംബ് കൂമ്പാരം കണ്ടില്ലെന്ന് നടിക്കുന്നത്.

പീഡിതരുടെയും പതിതരുടെയും പ്രാതിനിധ്യത്തിന്റെ പരിവേഷം കൂടിയുള്ളയാളാണ് അമേരിക്കയുടെ പുതിയ പ്രസിഡന്റ് ബറാക് ഹുസൈൻ ഒബാമ. അദ്ദേഹത്തിന്റെ വാക്കുകൾക്ക് മറ്റേതു ലോകനേതാവിന്റെ വാക്കുകളേക്കാൾ ആളുകൾ ചെവികൊടുക്കുന്നു. പ്രസിഡന്റ് പദവി ഏറ്റെടുത്തശേഷം അദ്ദേഹം സ്വീകരിച്ച ചില നടപടികൾ പ്രതീക്ഷക്ക് വകനൽകുന്നുമുണ്ട്. അതുകൊണ്ട് ലോകസമാധാനത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പ്രസ്താവനകൾ പാഴ്‌വാക്കുകളാവില്ലെന്നു കരുതാം. ഒബാമ സൂചിപ്പിച്ച പോലെ, നിരായുധീകരണം തുടങ്ങേണ്ടത് തീർച്ചയായും അവ കുന്നുകൂട്ടി വെച്ച അമേരിക്കയുൾപ്പെടെയുള്ള വൻശക്തികളിൽനിന്നുതന്നെയാണ്. വൻശക്തികൾ ആയുധങ്ങളേക്കാൾ മുമ്പേ വെടിയേണ്ട മറ്റൊന്നുണ്ട്; ആയുധമത്സരത്തിനു നിദാനമായ അന്യരുടെ മേൽ ആധിപത്യം വാഴാനുള്ള സാമ്രാജ്യത്വമോഹം. ഒരുവശത്ത് അന്യരുടെ അധിപതികളാകാൻ ദാഹിക്കുന്നവരും, മറുവശത്ത് സാമ്രാജ്യത്വശക്തികളെ ചെറുത്ത് സ്വതന്ത്രമായി ജീവിക്കണമെന്നഭിലഷിക്കുന്നവരും ഉള്ളപ്പോൾ നിരായുധീകരണം അസാധ്യമാണ്. അഥവാ ആണവായുധങ്ങൾ നിരോധിക്കാനായാലും സംഘർഷവും സംഘട്ടനവും അവസാനിക്കുകയില്ല. ഒബാമയുടെ സമാധാന പ്രഭാഷണം ആത്മാർഥമാണെങ്കിൽ അന്യനാടുകളിൽ കുത്സിതമായ ഇടപെടലുകൾ നടത്തുന്നതിൽനിന്നും സൈനിക ആക്രമണങ്ങളിൽനിന്നും അധിനിവേശങ്ങളിൽനിന്നും പിന്മാറാൻ അമേരിക്ക തയാറാവണം. അതാണ് സമാധാനത്തിലേക്കുള്ള ആദ്യ ചുവടുവെപ്പ്. ■